# കെടാവിളക്ക്



DIGITAL MAGAZINE

C H M K S G H S S MATTOOL

# ആമുഖം

2019-21 വർഷത്തെ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ ഡിജിറ്റൽ സ്കൂൾ മാഗസിൻ -കെടാവിളക്ക് - ശാസ്ത്ര കലാ കായിക മേഖലകളിൽ നിരവധി നേട്ടങ്ങൾ കൊയ്ത വർഷമാണിത്. സബ്ജില്ലാ കലോത്സവം ആഘോഷപൂർവ്വം ഈ വിദ്യാലയത്തിൽ നടന്നു.

എങ്കിലും നമ്മുടെ കൂട്ടുകാരി അനഘയുടെ അകാലത്തിലുള്ള വേർപാട് നമ്മെ വളരെയധികം വേദനിപ്പിച്ചു. ഒരു പൂമ്പാറ്റയെപ്പോലെ പാറി നടന്ന അനഘ.... അവളുടെ പ്രാർത്ഥനാ ഗാനത്തോടെയാണ് വിദ്യാലയം ഉണർന്നിരുന്നത് . സ്കൂളിൽ സജീവ സാന്നിധ്യമായിരുന്ന അനഘ, അവളുടെ വേർപാട് സഹപാഠികൾക്കും അധ്യാപകർക്കും അസഹനീയം തന്നെ. അനഘയുടെ ഓർമ്മകൾക്കു മുന്നിൽ പ്രണാമമർപ്പിച്ചു കൊണ്ട്, അവളുടെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഞങ്ങളുടെ മാഗസിൻ സമർപ്പിക്കുന്നു....


സമർപ്പണം

# പത്രാധിപ സമിതി

ചീഫ് എഡിറ്റർ :കെ ജയപ്രകാശ്
(ഹെഡ്മാസ്റ്റർ)

സ്റ്റാഫ് എഡിറ്റർ :സാന്താനവല്ലി കെ വി
(കൈറ്റ് മിസ്ട്രസ്സ്)

: രാജശ്രീ എം വി
(എസ് ഐ ടി സി)

സ്റ്റുഡന്റ് എഡിറ്റർ : മുഹമ്മദ് ഇർഫാൻ,
:മിൻഹ പർവീൻ
( ലിറ്റിൽ കൈറ്റ്സ്)

കവർ ഡിസൈൻ : വിജേഷ് യു വി

## LITTLE KITES CLUB MEMBERS



**മാടായി ഉപജില്ലയിൽ ഐ.ടി മേളയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കുട്ടികൾ അധ്യാപകരോടൊപ്പം**



# സന്ദേശം

2019-21 ലിറ്റിലിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന കെടാവിളക്ക് എന്ന ഈ-മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു. കുട്ടികളുടെ സർഗ്ഗശേഷികളുടെ ആവിഷ്കാരമാണ് ഈ ഡിജിറ്റൽ മാഗസിൻ . വിവര സാങ്കേതിക വിനിമയരംഗത്ത് കൂടുതൽ മുന്നേറാൻ വിദ്യാർത്ഥികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു

കെ ജയപ്രകാശ്

(ഹെഡ്മാസ്റ്റർ)

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 2 |
| പത്രാധിപ സമിതി | 4 |
| സന്ദേശം | 6 |
| പ്രണാമം | 8 |
| ഒരുനിമിഷം | 9 |
| അനഘ | 10 |
| നിറകണ്ണുകളോടെ | 11 |
| അനർഘം | 12 |
| Waiting for that Day | 14 |
| A successful life | 15 |
| A Real Lie | 17 |
| പുതുവത്സരാശംസകൾ | 20 |
| പ്രകൃതിയിലെ മാറ്റങ്ങള് | 21 |
| കലഹം | 22 |
| കിനാവ് | 25 |
| പ്രകൃതിയിലൂടെ | 27 |
| ശിഥില ചിന്തകൾ | 28 |
| ദശപുഷ് പ്പം | 30 |
| The Monstrous life of a girl | 37 |
| പെൺ | 38 |
| മനസ്സിന്റെ തിരകൾ | 39 |
| കാവിലം പ്പാട്ട് | 40 |
| Drawing | 43 |
| Arabic poem | 46 |
| Hindi Poem | 48 |
| The Wall of Internet | 49 |
| The Dead victim Regain Life | 50 |
| Story of 4 Friends | 55 |
| നന്ദി | 56 |

# പ്രണാമം



നിറകണ്ണുകൾ
നിന്റെ നിലിച്ച മുഖം കാൺകെ
നെടിവീർപ്പുകൾ

നിന്റെ നിശ്ചല ദേഹം കാൺകെ
അജ്ഞാതമാം ഏതന്ധകാരത്തിൽ

അനഘേ, നി പോയ് മറഞ്ഞെന്നാകിലും
ഉൾക്കണ്ണിലെന്നും വന്നു ഉയിരോടെ നിൽക്കുന്നു നി
പ്രാർത്ഥന ചൊല്ലുവാൻ

വരില്ല നി, നാളെ പാഠപുസ്തകത്താളുകൾ

തുറക്കില്ല.

കുഞ്ഞിളം ചിരി തന്നു
കുസൃതികാട്ടാൻ വരില്ല
കൂട്ടുകാർ കൈകോർത്തു

കൂട്ടമായും വരില്ല.
പാടുക പൂങ്കുയിൽ
വന്നിവൾ പാടും പോലെ
തൂവുക വെൺതിങ്കൾ
പുഞ്ചിരി അവൾക്കാലെ
അന്ത്യചുംബനം വാങ്ങി
അനുഗ്രഹമേറ്റുവാങ്ങി

അന്ത്യയാത്രയ്ക്കിറങ്ങുമ്പോൾ
വറ്റാത്ത സ്നേഹമായ് മുന്നിൽ
വന്നുനിൽക്കും കുഞ്ഞേ
ഓർമ്മതൻ പൂക്കൂടയിൽ
സൂക്ഷിച്ച പൂക്കളിൽ
നിനക്കായ് നൽകുവാനി

കണ്ണുനിർ പൂക്കൾ മാത്രം.


ജയശ്രീ .കെ

## ഒരുനിമിഷം

ഓരോ പുലർവേളയിലും
നിൻ പ്രാർത്ഥന ഗീതത്തിനൊപ്പം
ഉണർന്നെന്ന് വിദ്യാലയം
നിൻ മധുര നാദം കേട്ട്
എത്ര ധന്യയാമീ പുലർവേളയെ നേർത്ത്
പുളകിതയായെൻ നിമിഷങ്ങൾ
തെറ്റുകൾ പറഞ്ഞറീയിച്ച്
നീയെൻ വിദ്യാലയത്തോടലിഞ്ഞ ചേർന്നപ്പോൾ
മാരി വില്ലിനെക്കാൾ അഴകുണ്ടായിരുന്നോ നിനക്ക്
ഓർക്കുന്നു ഞാനെൻ വിദ്യാലയം
ഉണർന്നസ്തമിച്ചതെല്ലാം നിൻ ശബ്ദത്തിലെന്ന്
സംപ്തവാനങ്ങളാൽ പുളകിതയായ്
വിദ്യാലത്തിന്ന ദാനം ദേശീയ ഗാനം ചൊൽക
നീ തൻ വെള്ള പൂശിവന്ന ദുഖവെള്ളിയാണോ ഇന്ന്
വിടചൊലിയതോ എൻ നെഞ്ചിലെ മിടിപ്പിനാം
കൺകുളിർക്കെ കണ്ട സായാഹ്നം
നിൻ അവസാനമലയോ എന്ന ഞാൻ നിനച്ചിരുന്നോ
സത്യവും സ്നേഹവും മുറുകെ പിടിച്ച് നീയെൻ
ഹൃദ്യത്തിനൊരു വാടാമല്ലിയായ്
നിനക്കായ് പ്രാർഥിക്കവേ ഞാനറിനില്ല മുത്തേ
നീയെൻ നെഞ്ചിലെ തീരാ നോവാകുമെന്ന്

സമീറ എം ടി സി

# അനഘ

അനഘ അനന്തമാം നീലിമയിൽ
മിഴിപൂട്ടിനിൽക്കവെ
എൻ ഹൃദയം തേങ്ങി
നിൻ നെഞ്ചിലെ അശ്രുപൂക്കൾ
പൊഴിക്കവെ
നിശ്ചലമാം നിൻ കീർത്തനം
പാടാതെ പറയാതെ
മൗനമായ് മണ്ണിൻ മാറിൽ
മഞ്ഞുത്തുള്ളിയായ് കുതിർക്കവെ
ഓർത്തു നിന്നു ഞാൻ
പ്രർത്ഥന
ചിത്രശലഭം പോൽ പാറിനടന്നു
നിൻ ചങ്ങാതിക്കൂട്ടവും
കുഞ്ഞു നക്ഷത്രമേ
നേരുന്നു നന്മകൾ
യാത്രാമംഗളങ്ങൾ

നസ്മത്ത്

## പ്രണാമം

പോവൂ നീ  പ്രിയ കുഞ്ഞേ
ഇതുവരെ കണ്ടില്ലെന്നാലും
ഈരടി നിനക്കായെഴുതി വയ്ക്കാം
ഒരു ഗാനം മാത്രം നിനക്കു നേരാം
ഒരു തേങ്ങലോടെ ഞാൻ യാത്രയാക്കാം
പോവൂ നീ പ്രിയ കുഞ്ഞേ !

നിൻ കേൾക്കാത്ത മധുര നാദം
കേൾക്കുവതെന്നിനി ഞാൻ
അകന്നു പോയി
മറഞ്ഞു പോയി
പ്രകൃതിയിൽ ലയിച്ചു പോയി നിൻ നാദം

അകലേക്ക് പോയിതെന്നാകിലും
കാണാമെനിക്കിന്ന് നിൻ മുഖം
അനഘേ നിൻ നാമമെന്നും ഞാനോർത്തിരിക്കാം

**ജോർജ്  ജിജോ**

## അനർഘം

ദൂരെ ദൂരെയെങ്ങോ നീ പോയി മറഞ്ഞുവല്ലോ
അങ്ങകലെയിന്നതാ നീയാമൊരു പൊൻതാരകം
മിഴിതോരാതെയിങ്ങിതാ നിൻ നിഴലാം കൂട്ടുകാർ

പിടയുന്ന നെഞ്ചിൽ ഒരു
നൊമ്പരമായി നിൻ നാദം
ഒടുവിലെ യാത്രയ്ക്കായി നീയൊരുങ്ങി
തുണയാരുമില്ലാതെ പോവുമ്പോൾ
നിൻ പുഞ്ചിരി തൂകും കണ്ണുകളിൽ
ഒളിച്ചുവച്ചൊരു കുസൃതികൾ
നിൻ മധുരമൂറും വാക്കുകളിൽ
മറഞ്ഞിരുന്നൊരാ സ്നേഹവും
നേർത്തൊരു നൊമ്പരമായി, നോവായി
ഞങ്ങളിൽ നിറയുന്നിന്ന്

വിണ്ണിലെ മാലാഖമാർക്കായിനി പാടൂ
നീ നിൻ മധുരമാം സ്വരത്തിൽ...
ഇനിയും കുഞ്ഞേ....
ഈ തൊടിയിലെ കാറ്റായി, മഴയായി,
കുളിരായി വന്നു നിറയൂ
നീ നിൻ വിദ്യാലയത്തിലെന്നും.

രമ്യ രാമചന്ദ്രൻ

# ENGLISH

# Waiting For That Day



I am still waiting for that day
The day of PEACE
The world starts to grow
When will human finish their digestion.

They are still eating money
Now also there humans are running
for that piece of paper.

They don't know how to SMILE,
They don't know how to ENJOY,
They don't know how to HELP others.

I am still waiting for that day

The day people start to SMILE together,
The day people start to ENJOY together,
The day they make the WORLD grow,
The day they fill the world with PEACE.

I am still waiting for that day.

**MINHA PARVEEN**

# A SUCCESSFUL LIFE

*Once in a place named Shillington there is a village named Divakapuram. There lived a family. They were very poor. They consist of five members. A grandfather(Unnikrishnan),grandmother(Radhamani),mother(Revathi),and two childrens(Ramu and Ammu).*

*Their father had died in an accident. The family is leading by grandfather by doing a shop in market. The grandmother and mother make sweets and pickles from home Unnikrishnan take that all into market and sell.*

*The Childrens don't have the money to study .They also help their mother and grandmother in making sweets and pickles. They help grandfather by taking sweets and pickles to the shop.*

*Ramu is a good chess player and Ammu is a good spelling teller. They used to play Chess in free times. In home and in shop also with grandfather and villages. There is a wealthy person named Prasad he has a son named vishnu. He also plays the chess well .*

*A day, In evening Ramu is playing with villages there Prasad came against them and asked to play with Ramu. There Ramu wins. Prasad gets angry he said that he will take his son, tomorrow to play with Ramu .Vishnu have a coaching teacher,Hari.*

*Next day Prasad take Vishnu to play. There Vishnu also failed. Prasad gets angry he beats Vishnu alot. Also he pulled out the sweets and pickles from the shop. The Coach, hari likes Ramu's talent and he is ready to spent his money for Ramu. Hari take Ramu to the biggest private school in that city so that Ammu get alone. While she is going to school she always remember his brother. Ramu also missed his school. He don't like that new School.*

*Once when he was talking sweets to grandfathers shop the principal of the private school saw that, he gets angry. The next day he calls Ramu to his room and said that "when you do the same that I saw yesterday,you will be out of this school."Ramu was very sad.he can't do that .Because Ammu and grandfather can't do that alone. From home grandfdather said that "The principal said is right. You must stop it. Concentrate more on studies." Ramu replied with a sad mood. "No grandpa, I want to work with you."with grandfathers force he agreed.*

*The days passed. There comes a big chess competition. Hari suggested Ramu's name. The day went and the day when the competition is to be held comes. In final round Ramu and Vishnu got selection. To turn concentration Vishnu said to*

*Ramu that "your father was died." Ramu get Scared He can't play with his shivering hands. At last he got second. Vishnu takes the first place. They came back to home.*

*Once Ammu is saying the letters of some words. There came two doctors, Varun and Priya. They heard her voice telling letter of words. They get in and asked Revathi, Ammu to participate in a game named spell world. She gives an answer with a sweet smile. with the spenting of both doctors money she also started to Learn in the same school Where her brother is studying. The doctors gave Ammu, dictionary and classes.*

*At last the day comes. There is150 members from different schools. There are 5 rounds. In first round. They have selected 75 childrens to the second round. From there 25 childrens. To the third round. From there 10 to 4th round. From there 3 students. In all these round Ammu got the chances. At final round she can't speak. Her voice stucks. She got 2nd in spell world. From there she and that family started to raise up. They got a lot of achievements. And settled in a city.*

*SHIFANA SAHALA MINHA RIFANA.*

---

# A Real Lie

It was raining heavily. An old lady who looks sixty beside the door of her house. The sky was too dark. Thunder and lightning stroke with horror. She was sitting as if she had lost something. as the rain tears were falling from her eyes in the lost dream.

All of a sudden a young man who looks twenty seven came running through the entrance. He stood before her with complete wet body and said. “Mom it’s me Ram, your lost son.” Just after he finished his work she hugged him with tears in her eyes as if her lost dream had been fulfilled. “Oh my son where were you been all these years. It’s been nineteen years since you have left. “come inside” she said with tears in her eyes.


“My son, how had you spent all these years without me? ” “Mom it is the darkest part of my life which I don’t like to think of.As I left here I took train to Bangalore and worked at a tea stall and Abukka, the tea stall owner looked me as his son and provided education for me. Now I work as an accountant. Between all these I searched and found the way back home.”

Then he asked “What about You Mom?”.Mother begins “after you have left a young sister was born for you, Devi. I worked day and night and thought for her. But as a mother could expect she was got married a year before and left with her husband. Now I am all alone. It was too darker than yours.” tears started falling off.

The days went by it was time for Ram to leave. He had to reveal truth before he leave. He got ready at morning and went towards his mother. She was very busy at cooking the favourite food of Ram. “Mom, I am leaving today. I have to go” soon after he said this she broke the plate and came running towards him and  hugged with tears and does not allow him to go, “Mom,I am not your son. I lied to you. I lost my mom when I was six. So I heard about your story and came here to feel the love of a mother.”After a pause there was a complete silence and then she spoke “My dear son,I know my son will never came back,but the love you showed to me was the humanity that even the child of my blood would not do I want a son like you whom all the father and mother in the old age home needs you should come back for your mother.”

Tears went of her eyes. She waited for him everyday

MINHA PARVEEN




# MALAYALAM

# പുതുവത്സരാശംസകൾ

പുതുവർഷമാദ്യത്തെ
മഴപോലെ
ഒരുവേള, ആരും കൊതിച്ചിടും
പനിനീർ മലർപോലെ
പതിവായി കണ്ടിടും
പവിഴമല്ലികൾ പോലെ.
നുകരാൻ കൊതിച്ചിടും
മധുപോലെ
ഒന്നു ഞാൻ മീട്ടാൻ കൊതിക്കുംവിപഞ്ചികപോലെ
പാരിലായ് പാൽതൂകി
പൗർണമി പോലിന്ന്
പുതുവർഷമേ,നീ
അണയുന്നറിഞ്ഞുവോ?
ഓരോ കിനാവിനും
പുത്തൻ പ്രതീക്ഷകൾ
ഓരോ മനസ്സിലും
നക്ഷത്ര സ്വപ്നങ്ങൾ.
നേരുന്നു നന്മകൾ,
പൂക്കും മലരുകൾ.
നേരുന്നു
പുതുവത്സരാശംസകൾ.

**ജയശ്രീ**

# പ്രകൃതിയിലെ മാറ്റങ്ങൾ

നമ്മുടെ ചുറ്റുപാടും ഒരുപാട് മാറ്റങ്ങൾ നടക്കുന്നുണ്ട് അതിൽ നല്ല മാറ്റങ്ങളും മോശം മാറ്റങ്ങളും നടക്കുന്നുണ്ട്  ഇതിലെ പ്രകൃതി മാറ്റങ്ങൾ നമ്മുക്ക് ദോഷം ഉണ്ടാക്കും കാരണം കാലാവസ്ഥ മാറ്റം ആഗോളതാപനം വഴ മലിനീകരണം തുടങ്ങിയവ നമ്മെ പ്രതികൂലമായി ബാധിക്കുന്നതാണ് . പ്രകൃതിയെ നിലനിർത്തുന്നത് അതിന്റെ സന്തുലിതാവസ്ഥയാണ് നമ്മുടെ ചില പ്രവർത്തങ്ങൾ പ്രതികൂലമായി ബാധിക്കും അങ്ങനെയാണ് പല ദുരന്തങ്ങളും നമ്മുക്ക് നേരെ ഉയരുന്നത് പ്രകൃതി മാതാവ് നമ്മുക്ക് നൽകിയ വരദാനങ്ങളിൽ പലതും നമ്മൾ നശിപ്പിക്കുന്നു . പണ്ടൊക്കെ ലോറികൾ മലയിലൂടെ കയറുന്നത് നമ്മൾ കണ്ടിട്ടുണ്ട് എന്നാൽ ഇന്ന് മലകൾ ലോറിയിൽ പോകുന്നതാണ് നാം കാണുന്നത് നമ്മുക്ക് തണൽ നൽകിയ വൃക്ഷങ്ങൾ വെട്ടി മാറ്റപ്പെടുന്നു വികസനം എന്ന പേര് പറഞ്ഞു വൃക്ഷങ്ങൾ വെട്ടി മാറ്റപ്പെടുന്നു ചില ജീവികൾ വംശനാശം സംഭവിച്ച പ്രകൃതിയോട് വിട പറയുന്നു മാംസ്യത്തിനും രോമത്തിനും മറ്റാവശ്യങ്ങൾക്ക് നമ്മളെ ജീവികലെ കൊന്നൊടുക്കുന്നു വൈവിധ്യമാർന്ന പക്ഷി മൃഗാദികൾ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായിയി കോണ്ടിരിക്കുകയാണ് ഇതിനെതിരെ ചില പരിസ്ഥിതി പ്രവർത്തകർ ശംബ്ദം ഉയർത്തിയതൊക്കെ ചില നല്ല സൂചനകളാണ് വൈഢൂര്യത്തിനും തങ്കത്തിനും സ്വർണത്തിനുമെല്ലാമാണ് നമ്മൾ പ്രധാനം കൊടുക്കുന്നത്
ഇങ്ങനെ പ്രകൃതിയെ നശിപ്പിച്ചാൽ ഭൂമി മുഴുവനും നശിക്കും എന്ന നമ്മൾ മനസിലാക്കണം പ്രകൃതിയെ സംരക്ഷിച്ചും വികസനം പ്രകൃതിയെ സൗഹാർദ്ധമാക്കിയും ആകണം നമ്മുടെ ജീവിതം പ്രകൃതിയോടിണങ്ങി ജീവിച്ചാൽ ഉരുൾ പൊട്ടൽ വെള്ളപൊക്കം വരൾച്ച എന്നിവയിൽ നിന്ന് നമുക്ക് മുക്തിനേടാം

**വരുൺ ദേവ്**

# കലഹം

കോരിവെച്ച
കഞ്ഞി വെള്ളത്തിൻ
നിന്റെ  കണ്ണീരിനുപ്പ്
കറിയിൽ
കോപത്തിൽ
ചുവപ്പ്
വിളമ്പിയ ചോറിൽ
നിന്റെ സ്വതവേയുള്ള തണുപ്പ്
നിട്ടിയ ചായയിൽ
പതിവുള്ള ചവർപ്പ്
പതിഞ്ഞ മട്ടിലെയീ, നിൽപ്പ്
കാണുമ്പോൾ
കലിവരില്ലെന്ന്
എന്തീമുറപ്പ്
എനിക്കിന്ന്
ഭക്ഷണം വേണ്ട

ശ്രീ

# പാതിരാവിലെ കിനാവ് ജീവിത വഴിത്തിരിവിലേക്ക്

ടോ, താനെന്താ ഇങ്ങനെ ആലേചിക്കുന്നത് ? തന്റെ ജോലിക്കിടയിൽ എന്തോ അലോചനയിൽ ഇരിക്കുന്ന കൃഷ്ണൻ കുട്ടുയോട് രാജൻ ചോദിച്ചു ഒന്നുമില്ലായിരുന്നു കൃഷണന്റെ മറുപടി എന്നാലും എന്തോ വലിയ ആലോചനയിൽ തന്നെയാണ് കൃഷ്ണൻ ഇപ്പോയും

പണ്ട് നടന്ന കാര്യങ്ങൾ ഓർത്തിരിക്കുകയായിരുന്നു ഞാൻ , കൃഷ്ണൻ കുട്ടി രാജനോട് പറയാൻ തുടങ്ങി അമ്മേ ഞാൻ ഇന്നലെ ഒരു സ്വപ്നം കണ്ടു ചായ കുടിക്കുന്നതിനിടയിൽ ഞാൻ അമ്മയോട് പറഞ്ഞു . എന്തുവ്വ കാണ്ടത് ? അമ്മ ചോദിച്ചു ഞാൻ പേടിച്ചു വലിയ നിലയിൽ എത്തുന്നത്, ഞാൻ തുടർന്ന് വലിയ ഐ എ എസ് ഓഫീസർ ആവുന്നതാ കണ്ടത് അതൊരു നല്ല സ്വപ്നമാണലോ വെളുപ്പാന്കാലതാണോ കണ്ടത് എങ്കിൽ എന്റെ കുട്ടി എന്തായാലും ഒരു ഐ എ എസ് ഓഫീസർ ആവും എന്റെ 'അമ്മ എന്നിൽ വിശ്വാസമുറച്ചത് പോലെ സംസാരിച്ചു അന്ന് എനിക്ക് പതിനാല് വയസ്സായിരുന്നു അന്ന് തൊട്ട് ഞാൻ ഞാൻ മനസ്സിൽ തീരുമാനിച്ചതായിരുന്നു ഒരു ഐ എ എസ് ഓഫീസർ ആവാൻ, പക്ഷെ എന്റെ കുടുംബം ദരിദ്രത്തിലായെന്നതായിരുന്നു അത് കൊണ്ട് താനെ പഠിപ്പിക്കാൻ കാശുണ്ടാവുമോ എന്ന 'അമ്മ ഭയന്നിരുന്നു

അങ്ങനെയിരിക്കെ ഞാൻ പ്ലസ് ടു വിന് പഠിക്കുന്ന സമയത്ത് ഞാൻ പതിവ് പോലെ ക്ലാസ്സിലേക്ക് പോവാൻ തുടങ്ങുകയായിരുന്നു. അപ്പോഴാണ് 'അമ്മ പറഞ്ഞത് , മോനെ നീ ആ കടയിൽ പോയി കുറച്ചു സാധനം വാങ്ങി വരുമോ ? പക്ഷെ എന്റെ കൈയിൽ കാശില്ല നീ ആ കടക്കാരനോട് കടം തരുവ്വോ എന്ന് ചോദിക്ക് 'അമ്മ അങ്ങനെ പറഞ്ഞപ്പോൾ എനിക്ക് ദേഷ്യം വന്നു എനിക്കൊന്നും വയ്യ അയാളെ ചീത്ത കേൾക്കാൻ കഴിഞ്ഞ അഴ്ച്ച തന്നെ പോയപ്പോൾ വല്ലാതെ ചീത്ത പറഞ്ഞിരുന്നതാ ഇവിടെ എപ്പോഴും ദാരിദ്ര്യം തന്നെയല്ലേ അത് കൊണ്ട് 'അമ്മ തന്നെ പൊയ്ക്കോ എന്ന ഞാൻ മുഖത്തടിച്ച പോലെ 'അമ്മയോട് പറഞ്ഞ മോനെ നമ്മുടെ ദാരിദ്ര്യം അവസാനിക്കും ദൈവം എല്ലാത്തിനും വഴി കാണിച്ചു തരും .അന്ന് ഉച്ചകഴിഞ്ഞ് റഫീസാറിന്റ ബിയോളജി ക്ലാസ്സിലിരിക്കുമ്പോഴാണ് മാമൻ എന്നെ കൂട്ടി കൊണ്ട് പോവുന്നത് എന്ന് ഞാൻ ഓർത്തു അത് മാമനോട് ചോദിക്കുകയും ചെയ്തു പക്ഷെ മാമൻ ഒന്നും മിണ്ടിയില്ല വീട്ടിലെത്തിയപ്പോഴാണ് വീടാകെ ആൾക്കൂട്ടം ആകത്ത് ചെന്നപ്പോഴാ അമ്മയെ കട്ടിലിൽ കിടത്തിയിരിക്കുന്നത് ആകെ വെളുത്ത തുണി പൊതിഞ്ഞ് അതൊരു വാഹന തട്ടിയതാ അമ്മ



അപ്പോൾ തന്നെ മരിച്ചിരുന്ന അവനും അനിയത്തിയും കൂടെ ഒരു മൂലയിൽ ഇരുന്നു കരയുന്നത് പിന്നെ ഞാൻ കണ്ടത്

'അമ്മ മനപ്പൂർവ്വം ചെയ്തതാണ് എന്ന് എനിക്ക് സംശയം ഉണ്ടായിരുന്നു അന്ന് രാവിലെ എന്നോട് പറഞ്ഞതല്ലെ ദാരിദ്ര്യത്തിൽ നിന്ന് കരകയറുമെന്ന് 'അമ്മ യുടെ പേരിൽ ലൈഫ് ഇൻഷുറസ് ഉണ്ടായിരുന്നു അതായിരിക്കുമോ അമ്മ രാവിലെ സംസാരിച്ചതിന്റെ പൊരുൾ 'അമ്മ യുടെ വേർപാടിന്റെ ദുഃഖത്തിൽ നിന്ന് കരകയറാൻ മാസങ്ങൾ വേണ്ടി വന്നു ഇൻഷുറസ് തുക ലഭിച്ചപ്പോൾ പട്ടിണി മാറ്റം എന്ന് ഞാൻ അച്ഛനോട് പറഞ്ഞെങ്കിലും അച്ഛൻ വിസമ്മതിച്ചു നിന്നെ പഠിപ്പിക്കാൻ വേണ്ടി ഈ തുക ഉപയോഗിക്കുമെന്നും അങ്ങനെ നിന്റെ അമ്മയുടെ ആഗ്രഹം പൂർത്തിയാക്കി കൊടുക്കുക എന്നും അച്ഛൻ പറഞ്ഞു

പിന്നീട് ആ പണം കൊണ്ട് ഞാൻ പഠിച്ചു ,പക്ഷെ ആ കസേരയിൽ ഇരിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായില്ല പരീക്ഷ എഴുതിയെങ്കിലും പരീക്ഷാഫലം വരുമ്പോയേക്കും പരാജയമാണ് എന്നെ കാത്തിരുന്നത് എങ്കിലും വിട്ടു കൊടുക്കാതെ അഞ്ച് പ്രാവിശ്യം ഞാൻ എഴുതി അപ്പോഴാണ് അച്ഛന്റെ മരണം എന്നെ നടുക്കിയത് പിന്നെ ജീവിക്കാൻ അച്ഛന്റെ കുറച്ചു സമ്പാദ്യം മാത്രമേ ഉണ്ടായിരുന്നുള്ളു അച്ഛന്റെ സമ്പാദ്യം കൊണ്ട് പഠിക്കാൻ അനിയത്തി എന്നെ പ്രേരിപ്പിച്ചു പക്ഷെ ഇനിയും ഐ എ എസ്സിന്റെ പിറകെ പോയാൽ അനിയത്തിക്കൊരു ജീവിതം ഞാൻ കാരണം ഇല്ലാതാവുമോയെന്ന ഭയന്ന് പിന്നീട് എന്റെ പരിശ്രമം മുഴുവനും പാർട്ട് ടൈം ജോലിയും ചെയ്ത് പേടിച്ചു പെട്ടന്ന് ജോലി വേണ്ടത് കൊണ്ട് ഐ എ എസ് എടുത്ത് പഠിച്ചു അവസാനം അതും ലഭിച്ചു അനിയത്തിയെ ഒരാളുടെ കയ്യിൽ സുരക്ഷിതമായി ഏൽപ്പിച്ചു




അവസാനം നിങ്ങളുടെ കൂടെ ഇവിടെയും. കൃഷ്ണൻ കുട്ടിയുടെ കത്തിൽ ഹരം പിടിച്ചു എല്ലാവരും നിശബ്ദമായി കഥ കേട്ട് കൊണ്ടിരിക്കുകയാണ് ഒരു സൂചി വീണാൽ പോലും കേൾക്കുന്ന തരത്തിലുള്ള നിശബ്ദത കഥ കഴിഞ്ഞപ്പോൾ . രാജന്റെ ശബ്ദം ഉയർന്നു കഥയും കേട്ടിരുന്ന സമയം പോയതറിഞ്ഞില്ല വൈകുന്നേരത്തിനുളിൽ ജോലി ചെയ്തു തീർത്തില്ല എങ്കിൽ അയാളുടെ വായിലിരിക്കുന്നത് മുഴുവനും കേൾക്കേണ്ടിവരും പിന്നെ എല്ലാവരും നാല് ഭാഗത്തേക്ക് ഓട്ടത്തിലായിരുന്നു ....

ഫാത്തിമ കെ പി

## കിനാവുകൾ

പതിവ് പോലെ അന്നും അവൾ ഉണർന്നു അമ്മയുടെ വിളികേട്ടായിരുന്നു ഉണർന്നത് . അവൾക്ക് തീരെ ഇഷ്ട്ടമാല്ലാത്ത കാര്യമായിരുന്നു ഉറങ്ങുതിനിടെ വന്നു വിളിക്കുന്നത് കാരണം അവൾക്ക് ഏറ്റവും ഇഷ്ട്ടമുള്ള കാര്യം കിനാവ് കാണാനാണ് .




അവൾ പതിവ് പോലെ അമ്മയുടെ ദേഷ്യപ്പെട്ടു എഴുന്നേറ്റു പോയി പല്ല് തേച്ചു പിന്നെ ചായ കുടിച്ചു കിളികളുടെ പാട്ട് കേൾക്കാനായി മുറ്റത്തേക്കിറങ്ങി രാവിലെയുള്ള കിളികളുടെ മനോഹരമായ പാട്ട് കേൾക്കാൻ അവൾക്ക് വളരെ ഇഷ്ട്ടമായിരുന്നു, മുറ്റത്തേക്കിറങ്ങി പുറത്തുള്ള മാവിൻ ചുവട്ടിലിലേക്ക് പോയി അവിടെ മാവിൻ കൊമ്പിൽ 'അമ്മ കിളിയും കുഞ്ഞിക്കിളിയും ഉണ്ടായിരുന്നു അതിനെ തന്നെ നോക്കിയിരുന്നപ്പോൾ അമ്മയുടെ നീട്ടി അവൾ കേട്ടു,മോളെ.... അമ്മു നീ എവിടെയാ ഉള്ളത് വേഗം ഇവിടെ വരൂ സ്കൂളിക്കു പോവേണ്ടെ അവൾ വേഗം അമ്മയുടെ അടുത്തേക്ക് പൊയി വേഗം കുളിച്ച് യൂണിഫോം ധരിച്ചു പുസ്തകങ്ങളൊക്കെ എടുത്ത് വെച്ച് ബാഗും തൂക്കി വീടിനുമുമ്പുള്ള സ്കൂളിലേക്ക് പോയി അമ്മു അവളുടെ ക്ലാസ്സിൽ അവസാന ബെഞ്ചിലാണ് ഇരിക്കുന്നത് .അവൾക്ക് പഠിക്കാൻ നല്ല തല്പരയാമായിരുന്നു അവൾക്ക് ഒരുപാട് കഴിവുള്ള കുട്ടിയായിരുന്നു എന്നാൽ അതൊന്നും പുറത്തെടുത്തില്ല അമ്മു 8 ആം ക്ലാസ്സിലാണ് പഠിക്കുന്നത് . സ്കൂൾ നിൻ വീട്ടിൽ എത്തി കഴിഞ്ഞാൽ ആദ്യം പോയി കിടക്കുകയാണ് ചെയ്യുന്നത് എന്നിട്ട് ഒരുപാട് കിനാവുകൾ കാണും അതിനിടെ ആരും വന്ന് വിളിക്കുന്നത് ഇഷ്ടമല്ലായിരുന്നു ഒരു ദിവസം സ്കൂളിൽ പോയപ്പോൾ ഇനിയുള്ള പത്ത് ദിവസം അവധിയായിരിക്കും എന്ന് അറിയിച്ചു എല്ലാവരും വളരെ സന്തോഷിച്ചു അമ്മു ആ പത്ത് ദിവസം എന്ത് ചെയ്യണം എന്ന ആലോചിക്കുകയായിരുന്നു അവൾക്ക് അവളുടെ കഴിവുകൾ പുറത്തു എടുക്കണമെന്ന് തോന്നി സ്കൂൾ വിട്ട് വീട്ടിലേക്ക് പോയി അവൾ ധാരാളം പുസ്തകങ്ങൾ വായിച്ചു വായന ശീലം വന്നപ്പോൾ കഥ എഴുതണം എന്ന തോന്നലുണ്ടായി അങ്ങനെ അവൾ ആദ്യമായി കഥയെഴുതി ഒരു ട്രെയിൻ യാത്രയെ കുറിച്ചുള്ള കഥ പത്ത് ദിവസം അവധിയൊക്കെ കഴിഞ്ഞ് സ്കൂളിലേക്ക് പോയപ്പോൾ അവളുടെ ഏറ്റവും ചങ്ങാതിക്ക് അത് വഴിക്കാൻ കൊടുത്തു അമ്മുവിനോട് വളരെ നന്നായിട്ടുണ്ട് ഇനിയും ഒരുപാട്

എഴുതണം എന്ന പ്രോത്സാഹനം നൽകി ശേഷം അവൾ ഒരുപാട് എഴുതി പക്ഷെ അതൊന്നും സ്കൂളിൽ കൊണ്ടുപോയില്ല കുറച്ച നാൾ കഴിഞ്ഞപ്പോൾ സ്കൂളിൽ കലോത്സവമാണെന്നുള്ള `കാര്യം ടീച്ചർ പറഞ്ഞു അതിനു ശേഷം അവളുടെ മനസ്സിൽ കഥ എഴുത്തിന് പങ്കടുക്കണമെന്നുള്ളതാണ് പക്ഷെ അവൾക്ക് ഒറ്റയ്ക്ക് പോവാൻ ധൈര്യമില്ലായിരുന്നു അമ്മു അവളുടെ ചങ്ങാതിയെ ഈ വിവരം അറിയിച്ചു. അവളുടെ ചങ്ങാതി പറഞ്ഞു  നിനക്ക് നന്നായി എഴുതാനുള്ള കഴിവുണ്ട് നീ തീർച്ചയായും പങ്കടുകണം ഞാൻ വരുന്നില്ല ഇത് കേട്ടപ്പോൾ അമ്മു പോട്ടെ പങ്കെടുക്കേണ്ട എന്ന് കരുതി അന്ന് സ്കൂൾ വിട്ട് വീട്ടിൽ പോയപ്പോൾ അവൾക്ക് ഉറക്കം വന്നില്ല അവൾക്ക് ഏറ്റവും ഇഷ്ടപെട്ട ഉറക്ക് അവൾക്ക് കിട്ടാറെയായി അവളുടെ മനസ്സിൽ കഥ   എഴുതാൻ പങ്കെടുക്കണം എന്നതായിരുന്നു അവളുടെ ചിന്ത പിറ്റേ ദിവസം സ്കൂൾ പോയപ്പോൾ രണ്ടാമത്തെ പീരീഡ് ഒട്ടും പ്രതീക്ഷിക്കാതെ ടീച്ചർ വന്നു വിളിച്ചു കഥയും കവിതയായും എഴുതാൻ താല്പര്യം ഉള്ളവർ ഉടനെ പോകാൻ പറഞ്ഞു അമ്മു അവളുടെ ദൈര്യം സംഭരിച്ച് എഴുന്നേറ്റു നിന്ന് അവളുടെ ക്ലാസ്സിൽ നിന്നും  അവൾ മാത്രമായിരുന്നു കഥയെഴുതാൻ പോയത് ഉള്ളിൽ നിറയെ ഭയമായിരുന്നു എങ്കിലും പുറത്തു കാണിക്കാതെ അവൾ പോയി പേപ്പർ തന്നു വിഷയവും കിട്ടി അവൾ വേഗം പേനയെടുത്ത ദൈവത്തിനോട് മനസ്സിൽ പ്രാർത്ഥിച്ചു അവൾ എഴുതാൻ തുടങ്ങി അവളുടെ ജീവിതത്തിലെ ചില സന്ദർഭങ്ങൾ കൂടി ചേർത്തുണ്ടാക്കിയ കഥ എഴുതിയതിയതിന് ശേഷം അമ്മുവിന് എന്തെന്നില്ലാത്ത സന്തോഷമായി വിജയിക്കുമോ എന്നതിൽ ചെറിയ സങ്കടവും പങ്കെടുക്കുക എനതല്ലെ പ്രാധാന്യം എന്നവൾ മനസിലാക്കി കുറച്ച് ദിവസം കഴിഞ്ഞപ്പോൾ കഥയുടെ റിസൾട്ട് വന്നു ഫസ്റ്റ് അമ്മുവിനായിരുന്നു അങ്ങനെ അവളുടെ ഉറക്ക് കെടുത്തിയ കിനാവ് പൂർത്തീകരിച്ചു അന്നവൾ മനസിലാക്കി ഉറക്കിൽ കാണുന്നതല്ല കിനാവുകൾ ഉറക്ക് കെടുന്നതിനാണ് കിനാവുകൾ.

ആയിശ

# പ്രതികളിലൂടെ

നമ്മുടെ നാടും സംസ്കാരവും ചുറ്റുപാടുകളും പുതു തലമുറ തിരിച്ചറിയേണ്ടതുണ്ട് . ഈ ലക്ഷ്യം മുൻ നിർത്തി സർക്കാർ കൊണ്ടുവന്ന ശ്രദ്ധേയമായ ഒരു പരിപാടിയാണ് വിദ്യാലയം പ്രതിഭകളിലേക്ക് എന്നത്

2019 നവംബർ 14 മുതൽ നവംബർ 28 വരെ നീളുന്നയായിരുന്ന ഈ പരിപാടി . മാട്ടൂൽ സി എച്ച് മുഹമ്മദ് കോയ സ്മാരക ഗവണ് മെന്റ് ഹൈസ്കൂളിലെ മിടുക്കാരായ കുട്ടികൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ സ്കൂളിന്റെ ചുറ്റുപാടുള്ള പ്രതിഭകളെ കാണുകയും അവറുമായി അഭിമുഖം നടത്തുകയും ചെയ്യുകയുണ്ടായി സാഹിത്യം ചിത്രകലാ സംഗീതം കായികം തുടങ്ങിയ വിവിദ മേഖലകളിലെ പ്രതിഭകളെയാണ് കുട്ടികൾ സന്ദർശിച്ചത്

മാപ്പിളപ്പാട്ട് രംഗത്ത് തന്റെതായ വ്യക്തി മുദ്ര പതിപ്പിച്ച കണ്ണൂർ ആബിദ് , ചിത്രകാരനായ സി എം കെ മുസ്തഫ സോഷ്യൽ മീഡിയ എഴുത്തുക്കാരനായ അമ്മിഷാ എന്ന തുലികാനാമത്തിൽ അറിയപ്പെടുന്ന അഹമ്മദ് ഷാ , കായിക അധ്യാപകനായ തസ്ലിം മാസ്റ്റർ എന്നവരെയാണ് സമിപിച്ചത്

മാപ്പിളപ്പാട്ട് കലാകാരനായിരുന്ന കണ്ണൂർ ആബിദ്നോടപ്പം സമയം ചിലവയിക്കാൻ പോയത് മൂന്ന് അധ്യാപകരും 20 കുട്ടികളും അടങ്ങുന്ന സംഘമാണ്. മാട്ടുലിൽ ജനിച്ച് വളർന്ന മാട്ടൂൽ ഹൈസ്കൂളിൽ പഠനം നടത്തിയ അദ്ദേഹം പഠനക്കാലത്ത് നാടകങ്ങളിലും മറ്റും സ്വപ്രയത്നം സ്വന്തം പരിശ്രമം കൊണ്ടാണ് മാപ്പിളപ്പാട്ട് രംഗത്ത് എന്തെങ്കിലും ആയിത്തീരാൻ കഴിഞ്ഞതെന്ന് കഴിഞ്ഞതെന്ന് അദ്ദേഹം പറയുകയുണ്ടായി . മദ്രസയിൽ പഠിക്കുന്ന സമയത്താണ് ആദ്യമായി മാപ്പിളപ്പാട്ട് പാടാൻ തുടങ്ങിയത് അരിപ്പോ തിരിപ്പോ എന്ന പാട്ട് പാടിയപ്പോയാണ് അദ്ദേഹം കൂടുതൽ അറിയപ്പെടാൻ തുടങ്ങിയത് കണ്ണൂർ ആബിദ് എന്ന പേര് ലഭിക്കാനുള്ള കാരണം കുട്ടികളുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറയുകയുണ്ടായി . ഒരുപാട്ടുകാരൻ പാട്ടിനനുസരിച്ച് താളവും ഭാവവും മാറ്റാൻ സാധിക്കുമെന്ന് കുട്ടികളെ ഉപദേശിച്ച മാപ്പിളപ്പാട്ട് രംഗത്തെ അനുഭവങ്ങളും തന്റെ വളർച്ചയുടെ പിന്നിലെ ഓരോ വഴികളുടെയും പറഞ്ഞത് കുട്ടികളുടെ മറക്കാനാവാത്ത ഒരു അനുഭവപാഠം തന്നെയാണ് നൽകിയത്

പ്രശസ്ത ചിത്രകാരനായ ശ്രീ സീ എം ഏകെ മുസഫയുടെ കലാജവിതദി പരിചയപ്പെടാൻ പീ ടീ എ പ്രസിഡണ്ട് മൂന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും എന്നിവരടങ്ങുന്ന ടീമാണ് പോയത് വെറുമൊരു ചിത്രകാരൻ എന്നതിലുപരി മനുഷ്വത്വത്തിന്റെ പ്രതീകം കൂടിയായ ഒരു വ്യക്തിയായിരുന്ന അദ്ദേഹം തന്റെ ജീവിതം കലയ്ക്ക് വേണ്ടി ഉഴിഞ്ഞു വെച്ച് അദ്ദേഹം അമ്മയുമായി ബന്ധപ്പെട്ട ചിത്രങ്ങലാണ് കൂടുതൽ വരയ്ക്കുന്നത്

## ശിഥില ചിന്തകൾ

എന്തിനീ ശിഥില ചിന്തകൾ
മനുഷ്യ മനസ്സുകൾ മാറ്റുന്നു
മനുഷ്യനറിയാതെയും മാറുന്നു
മനസ്സറിയാതെ  മാറ്റുന്നു

കാറ്ററിയാതെയും മാറ്റിയ
കടലുകളറിയാതെയും മാറ്റിയ
കവുങ്ങുകളറിയാതേയും മാറ്റിയ
കറുപ്പിക്കുന്ന ചെകുത്താൻ

എന്തിനി ശിഥില ചിന്തകൾ
ക്രോധത്തെ ഉണ്ടാക്കുന്നു
കാമത്തെ ഉണർത്തിടാക്കുന്നു
കരുണയില്ലാതാക്കുന്നു

എന്തിനി ശിഥില ചിന്തകൾ
അമ്മ പെങ്ങമാരെ പോലും
മനസ്സിലാക്കാതെ പോകുന്നു
ഒരുവനെ തിരിച്ചറിയാതെയാകുന്നു

എന്തിനി ശിഥില ചിന്തകൾ
മനുഷ്യ സ്വബോധത്തെ
കാർന്നു തിന്നുന്നു
മനുഷ്യ ജീവൻ നഷ്ടപ്പെടുത്തുന്നു

എന്തിനി ശിഥില ചിന്തകൾ
ജീവിതത്തെ തന്നെ മാറ്റിമറിക്കുന്നു
എന്തിനു വേണ്ടി
നാം ഇങ്ങനെയായി തീരുന്നു

സ്വയം നന്മകൾ അറിയാതെ
സ്വയം തിന്മകൾ അറിയാതെ



# ജൈവ വൈവിധ്യം
# തിരിച്ചറിയാൻ

# ദശപുഷ്പങ്ങൾ

സന്താനവല്ലി കെ വി

ആയുർവേദത്തിലും നാട്ടുവൈദ്യത്തിലും പൂജാദികർമ്മങ്ങളിലും പ്രാധാന്യമുള്ള പത്തുചെടികളാണ് ദശപുഷ്പങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്.

1 വിഷ്ണുക്രാന്തി(Evolvulus alsinoides)

2.കറുക(Cynadon dactylon)

3.മുയൽ ചെവിയൻ(Emilia sonchifolia)

4.തിരുതാളി(Ipomea obscura)

5.ചെറൂള (Aerva lanata)

6.നിലപ്പന(Curculgo orchioides)

7.കയ്യോന്നി  (Eclipta prostrata)

8.പൂവാം കുറുന്നില(Cyanthillium cinerem)

9.മുക്കുറ്റി  (Biophytum reinwrdtii)

10.ഉഴിഞ്ഞ(Cardiospermum helicacabum)

## വിഷ്ണക്രാന്തി(Evolvulus alsinoides)



## *കറുക(Cynadon dactylon)*



# മുയൽ ചെവിയൻ(Emilia sonchifolia)



# തിരുതാളി(Ipomea obscura)



## ചെറൂള (Aerva lanata)



## നിലപ്പന(Curculgo orchioides)



## **കയ്യോന്നി (Eclipta prostrata)**



## *പൂവാം കുറുന്നില(Cyanthillium cinerem)*



# മുക്കുറ്റി  (Biophytum reinwrdtii)



# ഉഴിഞ്ഞ(Cardiospermum helicacabum)




മാടായി സബ്ജില്ലാ
കലോത്സവ
ഇനങ്ങളിലൂടെ

# THE MONSTROUS LIFE OF A GIRL

The huge walls where covering,
off to the monstrous villa.
There he seems a little girl
vigorously looking at me.
Near a preen cascade was flowing
and the birds melancholy heard

Oh! The aroma of the beautiful
garden came to me as a guest
Now it’s time to choose my way
and I decide to enter the villa
The footstep which I clayed was
very careful, I am alone my way

I enter the room!!
suddenly! She shouted
Thy?? Thy? Thy the monster...........
am here to rescue from the boundary walls
And to rescue from those boundary walls

her red eyes says what
her feeling was
her frightening look made
me to think whether to go near.
But my mind give a way to
get near to her

She cried and cried, her
voice touched the boundary walls,
she said, this is my villa, this
is my life, this is my world
because I am a girl, only
because I am a girl!!!

# പെൺ

രക്ത മാംസങ്ങൾ ചേർന്നൊരു
പെൺ  ഉടലാണ് ഞാൻ
അലയുന്ന എൻ കാമം കൊതിക്കു
രാക്ഷസരീ ഭ്രുവിൽ
പിച്ചി ചീന്തുന്ന മാനവർ
എൻ മാനത്തെ
തുളച്ചു കയറി എന്നിൽ നിൻ
മോഹന വാഗ്ദാനങ്ങൾ
പറിച്ചു നൽകി നിൻ കരങ്ങളിൽ
എൻ ഹൃദയത്തെ
അറിഞ്ഞിരുന്നില്ല ഞാൻ
നീ കൊതിച്ചതെൻ  ഉടലാണെന്ന്
നമിച്ചിട്ടില്ല ഞാൻ നിൻ
കപട സ്നേഹത്തെ
എന്നാൽ, ഇന്ന് ഞാനറിയുന്നു
എൻ ആത്മാവിൽ തുടിക്കും
ശീത കണങ്ങൾ
കൊതിക്കുന്നു നിൻ നാശത്തെ
എൻ സിരയിലൊഴുകും
ചൂടുരക്തം ദഹിപ്പിക്കും നിന്നുടലിനെ
ആടും ഞാൻ ക്രോധ താണ്ഡവം
ഈ ഭ്രുവിൽ അറിയുന്നു ഞാൻ,
എരിന്നു തീരേണ്ട പാഴ് ജന്മമല്ലീ
പെൺ ജന്മം !

# മനസ്സിന്റെ തിരകൾ

കടലിരമ്പം പോൽ ആകുന്നയീ മനം -ചിലപ്പോൾ
ചീറിയുയർന്ന പതഞ്ഞുമങ്ങനെ
നിലയ്ക്കാത്ത കടലിരമ്പം അതുപോൽ
നിലക്കാത്ത ആഗ്രഹങ്ങൾ മർത്ത്യന്
ആമോദവും ആഹ്ലാദങ്ങളും ചിലനേരമാ
സങ്കടകളും മനസ്സിന്റെ തിരകൾ

അലതല്ലിയുണരുന്നയി കടൽ കാൺകെ
കുളിർക്കുന്നചില പൂവരമ്പുകൾ അല്ലിത്തല്ലിയുണരുന്ന ഓരോ
കടലിനുപിന്നിലും ഒളിച്ചിരിക്കുന്ന താൻ
നിഗൂഢമായ കഥകൾ ...
കാത്തിരിപ്പു മീ മനസ്സിന്റെ ഇരമ്പം അതുപോൽ

കടലിരമ്പം പോൽ ആകുന്ന ഈ മനം ചിലപ്പോൾ
ചീറിയുയർന്നും പതഞ്ഞുമങ്ങനെ
നിലയ്ക്കാത്ത കടലിരമ്പം അതുപോൽ
നിലയ്ക്കാത്ത ആക്രങ്ങളും മർത്ത്യന്
ആമോദവും ആഹ്ലാദങ്ങളും -ചിലനേരമാ
മനസ്സിന്റെ തിരകൾ ...

തീരത്തണയുന്നയീതിരകൾ പതഞ്ഞു പതഞ്ഞങ്ങനെ
വാർത്തെടുക്കുന്ന പുത്തൻ തിരകൾ
ഒരേ വിദ്യുസ്പന്ദത്തിൻ വിരൽത്തുമ്പുകൾ അതുതാൻ
മനസ്സിന്റെ തിരകൾ ...
മനസ്സിന്റെ തിരകൾ ...

## കാവിലെ പ്പാട്ട്

ആണി ബാധിച്ച കാലുമായി ആയാൽ വേച്ചു വേച്ചു നടന്നു .മുന്നിൽ ആനന്തമായ ഇടവഴികൾ.എങ്ങോ കേട്ടു മറന്ന ഗന്ധർവ്വൻ പാട്ടുകൾ അയാളുടെ മനസ്സിനുള്ളിൽ താളമിട്ടു പതിനാറു വർഷത്തെ കാത്തിരിപ്പ് .... ഒടുവിൽ സ്വന്തം ജന്മ നാട്ടിലേക്ക് ഒരു കാൽ വയ്പ്.

നടന്നു ക്ഷണിച്ചു , മോന്താൻ ഒരു തുള്ളി തണ്ണീരിനായി അയാൾ കൊതിച്ചു വഴി വക്കിലിരുന്ന പഞ്ചായത്ത് പൈപ്പിൽ നിന്നും നിറയെ തണ്ണീർ മോന്തി കുടിച്ചു എന്തെന്നില്ലാത്ത സ്വാദ്, പച്ച വെള്ളത്തിന് ഇത്രീയും സ്വാദുണ്ടെന്നയാൾ തിരിച്ചറിഞ്ഞു . അതിനിടയിലും എവിടെയോ എത്തിപ്പെടാനുള്ള ആകാംഷ . എവിടെ നിന്നോ ഒരു തെന്നൽ അയാളെ തേടിയെത്തി . കാവിലെ മഞ്ഞക്കുറിയുടെ മഞ്ഞൾ ഗന്ധവും കുങ്കുമക്കുറിയുടെ വീര രസങ്ങളും അയാളുടെ മസ്തിഷ്ക്കത്തിൽ എവിടേയോ കുരുങ്ങി കിടന്ന് ,പതിനാറു വർഷങ്ങൾ മുൻപുള്ള .ഓർമകളെ ഉണർത്തി ....

ചൊരപ്പട്ടുടുത്ത് കന്യകമാർ മഞ്ഞൾ ജലത്തിൽ സ്നാനം ചെയ്യുന്ന കുറുണി മലയിലെ നാഗത്താന്മാരുടെ പരദൈവമായ ആ കാവിലെ ദേവിക്ക് ഒരുനുള്ള് പുഷ്പം ആർപിക്കാനുള്ള ഒരുക്കം സ്നേഹമുല്ല ഭർത്താക്കൻ മാരെ ലഭിക്കുവാനും ദീർഘ സുമങ്കലികൾ ആയിരിക്കുവാനുമുള്ള അവരുടെ പ്രാർത്ഥന അവിടെ സഫലമാകുന്നു . നാഴികകൾ പിന്നിടുന്നു . രാത്രി ഏകദേശം ഒരുമണി ആയിക്കാണും വാദ്യമേളങ്ങൾ കർണ്ണ പടത്തിൽ കമ്പനം ചെയ്യുന്നു . ഓരോ വിശ്വാസികളുടെയും നെഞ്ചിൽ തീയാണ് നൂറു പതിറ്റാണ്ടുകൾ മുൻപുള്ള ഏതോ അനശ്വര ശക്തിയെ ആവാഹിക്കുവാനുല്ല ദിനം . കണ്ണിൽ എരിയുന്ന കനലിലുണ്ട് ആ ആചാര വിശ്വാസത്തിന്റെ ശക്തി. ഗന്ധർവ്വൻ പാട്ട് ആരംഭിച്ചു തുടങ്ങി. ആർക്കെങ്കിലും ദർശനമിളകേണ്ടതാണ്. അതാ കന്യകുമാരിലൊരാൾ ഉറഞ്ഞു തുള്ളുന്നു. ആശക്തി അവളിൽ പ്രവേച്ചിരിക്കുന്നു. ജനങ്ങൾ ഭക്തിയുടെ സാഗരത്തിൽ അലിഞ്ഞു ചേർന്നു കൊണ്ടേയിരുന്നു.

എല്ലാം മൂകനായി നോക്കിക്കൊണ്ടിരിക്കുകയായിരുന്നു.ചന്ദ്രദേവന്റെ നിലാവുംപ്രണയത്തിലായി. സർപ്പങ്ങൾ ഇണചേർന്ന. യക്ഷികൾ പോലും കാവിലെപ്പാട്ടിന്റെ ആസ്വാദകരമായി... കന്യകമാർ ഓരോന്നായി ഉറഞ്ഞുതുള്ളാൻ ആരംഭിച്ചു......

ഏറെ ജന്മം ജീവിച്ചുതീർന്ന പോലെ അയാൾ സ്വപ്നങ്ങളുടെ ലോകത്തുനന്നും തിരിച്ചുവന്നു. അയാൾ എന്തിനോടോ ആയി സംസാരിച്ചു, എനിക്കു പോകാനായി വഴികളില്ല. എന്തിനുംതുണനിമാത്രംകാവിലമ്മേ..... പതിനാറു വർഷത്തെ കാത്തിരിപ്പ് നിനക്കുവേണ്ടി. നിന്നിലെ ചൈതന്യത്തിനെ ആവഹിക്കുവാനുള്ള തിടുക്കം. മദ്രാസിൽ നിന്നും ജോലി ഉപേക്ഷിച്ച്

കാൽ നടയായി വരുന്നു. ഈ ഭക്തൻ അതും നിനക്കു വേണ്ടി ഓർക്കാൻ നിന്റെ ഓർമകൾ . മറവി ഒരനുഗ്രഹമില്ലാത്തതിനാൽ അയാൾ ആശ്വസിച്ചു അയാളുടെ വായിൽ നിന്നും ഒരു മർദംശ്വാസനാളത്തിലൂടെ പോയി ശ്വാസകോശങ്ങളെ പുണർന്നു.

അയാൾ വീണ്ടും പുലമ്പി, “ഞാൻ വരുന്നു നിന്നെക്കാണാൻ രക്ഷിക്കണേ അമ്മേ, മഹാമയേ.....

ആണി രോഗത്തിന്റെ കഠിനമായ നീറൽ പോലും അയാളെ തളർത്തിയില്ല.. വന്നുകൊണ്ടേയിരുന്നു. കാവിലെ ഭഗവതിയുടെ തുണയെ ആശ്രയിച്ചു മാത്രം..... നേരം ഇരുട്ടി വഴിയോരത്തെ കൽബെഞ്ചിൽ തല ചായ്ച്ചു നീണ്ട നിദ്ര കുഞ്ഞികുരുവികളുടെ ചിൽ... ചിൽ.... ശബ്ദം അയാളെ ഉണർത്തി നേരം പുലർന്നിരിക്കുന്നു ഇന്ന് രാത്രിക്കു മുൻപ് ലക്ഷ്യ സ്ഥാനത്തെത്തണം ഇന്നാണ് മേടം പതിനൊന്ന് കാവിലെ ഭഗവതിയുടെ പുറപ്പാട്,അയാൾ വേഗത്തിൽ നടന്നു. “അതാ എത്തിക്കഴിഞ്ഞിരിക്കുന്നു. എന്റെ നാട് !”പക്ഷെ,



കണ്ണിൽ നിന്നും ചോര പൊടിയാൻ തുടങ്ങി ..... “കാവെവിടെ ? നാഗങ്ങളെവിടെ വൻ മരങ്ങളെവിടെ ? ശേഷിക്കുന്നത് നിന്റെ ഈ പ്രതിമ മാത്രം അതിന്ന് വിഗ്രഹങ്ങളുമില്ലാതായിരിക്കുന്ന വെറുമൊരു പ്രതിമ !

എവിടെഷമായി കാവിലമ്മേ നീ.... കാവലമ്മേ......ദൂരെ നിന്നും നടന്നു വന്ന ഒരു വൃദ്ധ അയാളോടായി പറഞ്ഞു:മകനേ,എല്ലാം പോയി കഴിഞ്ഞ മൂന്നു വർഷമായി ഉത്സവം നടക്കാറില്ല മൂന്നുവർഷം കൊണ്ടീ നാട് അമ്മയേ മറന്നിരിക്കുന്നു "

“ഇല്ല,” അയാൾ അലറി ;ഞാൻ മറന്നിട്ടില്ല ; ഈ രാത്രി ഇവിടെ ഉത്സവം നടക്കണം അരയിൽ ഇറുക്കിയ കത്തി എടുത്ത് കൈമുറിച്ച് ആ രക്തം ആ വിഗ്രഹത്തിന്റെ ശിരസ്സിൽ അഭിഷേകം ചെയതുകൊണ്ടയാൾ പറഞ്ഞു, അടങ്ങാത്ത ആ ശക്തി ഈ കൽ പ്രതിമയിൽ ഇന്നും ശേഷിക്കുന്നു വെങ്കിൽ, ഭക്തിയുടെ സാഗരം ഈ ഭക്തമനസ്സിൽ ഇന്നും ഒഴുകുന്നുവെങ്കിൽ, ഉറഞ്ഞാടും ഞാനും നീയു.. അമ്മേ... കാവിലമ്മേ, കാക്കണേ.....കാക്കണേ.....




acer









DRAWING

42

SHAFNA X C





vijesh u v



9F





VIJESH U V

يشير هذه الابيات الى حزن عميق التى تواجه

النسوة في حياتها اليومية
بانحطاط واندثار وادبية الهالكة

كتبها سميرة توفيقة في بحر الرمل

فاعلات فاعلات فاعلو

امن دموع انفجرت من قلبها
بانهازم الاعتقادي خودعت

يا ام ارض خزنت المك
فوق كل حفظك تجربت

-كانما الهداية قد اضمر
ت الضلالة حوكمت من التخم

اضنت النصيحة اطارة
وازر الظلمات فى الدساءس

درز الدنيا علم العالم
ولم يساند الدنيا الجاهل

حاكمت الطبيعة قاسيةا
منصف الدهر ملطح الالم

-يحقق قول الرسول عن الحدي
ث النساء لابسات عاريات

بوضعها وهن الام ازدادت
وا رب عدمها عقيما اسعدت

يا ظالم الهوى العشق نفسها
لو تسني محبة الاموميات

يا نفس ان تهمله من خير الوفي
فواجب عذر عليك عفات

كم بذيءا اسرف شهواته
مجبر البنات واضطربت

تحلت الانثي بالناع الورى
ضايقت لحظاتها الاخيرات

غال يغالي غالب فى غاية
مطيحة عتمة ترنت

بددت رغباتها تجمدت
مطلقا مضاعفات واجهت

انفعال اهتمام امومات
من حرها نار لظا انفصلت

يا رب انك العليم القادر
**احفظن الضاعفات العابدات**

SAMEERA

# यादें

कभी कभी आती हो मेरे दिल को धड़काने
कभी कभी आती हो मेरे दिल को बहलाने
आती हो पल पल अपनी सूरत बदलकर
आती हो पल पल मेरी  हैसियत बदलने

कभी हवा की तरह, तो कभी
तूफान की तरह. . . . . .
कभी बारिश की तरह, तो कभी
धूप की तरह ।
कभी एक पल के लिए रह जाती है,
कभी दिल की चिराग जलाकर जाती है ।

सोचती हूँ बार बार,
ढूँढती हूँ बार बार ।
क्या रिशता है तुम्हें. . .
क्या ख्वाहिश है तुम्हें. . . . . .
क्या मुझे सताने के लिए,
क्या खुशी दिलाने के लिए,
क्या मुझे कुछ सिखाने के लिए,
क्या मुझे कुछ दिखाने के लिए ।

जानना है मुझे. . . . . . .
जानती हूँ  मैं सदैव ।
अगर तुम न हो. . . . अगर तुम न हो. . .
मैं भी क्या . . . . . ? यह दुनिया भी क्या. . . . . . .

RAMYA

## THE WALL OF INTERNET

Hey you You should built
a boundary wall with internet,
Then why can't you
Why you are addicted for that?

Fall for you
Feet lost with in you
Don't worry
Don't stress
lose your head
take off your eyes
close your ears
You are not real
you are not real
you are living in internet reality
you don't know that
the internet hugs you to sleep
killed with good morning
hey paradise,
here, we can't cry
but we can hear you
we can't hear your self
but don't shout
everything will be perfect
if you built
a boundary
wall with the internet

If you don't
then you will be trapped
so every time by making
a boundary wall
Whenever you go

## The Dead Victim regains Life

Tring....tring... rang the mobile phone Peytor picked it up hello who is this ? Who is this ?
Hellow Ms peytor this is dalberg global advaisor calling you have an interview at 5 PM
today at our head office at marlborough street thank you "Thank you very much sir I will be there by 5.Thanks a lot bye " peytor got excited peytor adrian, a 24 year old girl was in search of a job but did not receive any a cute,fair and tall girl with square specs which decorated and enhanced the beauty of her face;peytor was an orphan who lived with friend Ally in her house

Peytor ran towards ally an informed her about the interview call " congrats and all the best peytor. Be in your best looks, don't miss out your documents, Be confident and just give it a go. You will make it.I know you will get this job"."Thanks Ally.I Better start getting ready. I need to sort out the documents, freshen up and-Oh My God! Its all ready
four! And i am still in my pajamas ......".You better hurry peytor rushed towards her room, got freshened up,sorted out her documents, and wore her best suit. She left the apartment and started walking towards the cab booth.It was 4.30 PM .As she was walking beside the eden gardens apartment two people jumped out of their balcony and landed straight in front of her, laying dead

Peytor froze.she couldnt move for a moment people started gathering around the dead bodies.She went towards the crowd to have a closer look.The two people were a man &woman and they lay on the ground,covered in blood.The man had a note in his hand the paper flew towards peytor

Peytor took the note & read it.My name is Gabriel Rakhof and this my wife Glenn.We have a seven year old daughter-kelly.I worked as an architect.My wife is a homemaker.We used to live a simple and happy life.Just the three of us,a small family our needs were fulfilled by the money I earned.Everything went on happily were oneday,kelly fell unconsious.We rushed her to the appolo hospital.Doctor informed us that she was suffering from a lung diseases and that she should be admitted in hospital immediately as her life was in danger.Lots of expenditure has occured and the treatment doesn't seen to affect her.We need more money and we have

almost nothing left.We some how need to say kelly's life.So we thought that if we give both of lives to God,then may be god will give our kelly a happy life.So I beg who ever is reading this to please help our kelly live a happy life again.

Peytor's eyes were filled with tears after reading the notes.She took a look at the watch.It was 4.45. She had to hurry towards MarlBorough strret or she would be late for interview and she might lose her job.But she also wished to rush to the hospital,inform the authorities about the demise of kelly's parents and help her with some money.She was in a dilemma finally she made a choice and rushed to the hospital. She paid some money,informed kelly and even decided to take care of kelly and be her guardian from now on by this time,peytor was too late for the interview.She realised that doing good deeds is more important then once on needs.After all, She is too, an orphan

Two days after,peytor recieved a call fraom Dalberg. The officers offered her another opportunity to attain the interview has she could attained the previous one.Again a weekn later, kelly was completely alright and got discharged from the hospital.By this time,peytor and kelly became good friends.Kelly cme with peytor to Ally's apartment and started living there.The dead victims had regainrd there life in there daughter's body.

-------------------------------------------

2019 -20 വർഷത്തെ സബ്ജില്ലാ കലോത്സവം നമ്മുടെ സ്കൂളിൽ വെച്ച് നടന്നപ്പോൾ LK CLUB അംഗങ്ങളും സ്കൂളിൽ കിട്ടിയ SLR Camara ഉപയോഗിച്ച് TV സ്ക്രീനിൽ സംപ്രേഷണം ചെയ്തിരുന്നു .



ഇതിനുവേണ്ട സാങ്കേതിക സഹായം സബ്ജില്ലാ മാസ്റ്റർ ട്രെയിനർ സരിത ടീച്ചർ ഐ ടി വിദഗ്ധനായ CMLP സ്കൂളിലെ അദ്ധ്യാപകൻ ഷാജിമാസ്റ്റർ, LK മിസ്ട്രസ്സ്കാരായ സന്താനവല്ലി , രാജശ്രീ ടീച്ചർ നൽകി . മാട്ടൂൽ CHMKSGHSS ,Cherukunnu Boys, PJHSS എന്നീ സ്കൂളിലെ വിദ്യാർത്ഥികൾ എല്ലാ ദിവസങ്ങളിലും ചിത്രീകരണവും സംപ്രേക്ഷണവും നടത്തി . 9 വേദികളിലുമുള്ള മത്സരങ്ങൾ സ്ക്രീനിൽ കാണിക്കാൻ സാധിച്ചു . കലോത്സവ വാർത്തകളും സംപ്രേക്ഷണവും ചെയുകയുണ്ടായി.






# കലോത്സവം സ്ക്രീനിൽ

സംപ്രേഷണ സജ്ജീകരണങ്ങളൊരുക്കുന്ന വിദ്യാർഥികളും അധ്യാപകരും ഉപജില്ല വിദ്യാഭ്യാസ ഓഫിസർ ചന്ദ്രനോടൊപ്പം

മാടായി ഉപജില്ല കലോത്സവം നടക്കുന്ന മാട്ടൂൽ സി.എച്ച്.എം. കോയ സ്മാരക ഗവ. ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളുടെ സാങ്കേതികമികവിൽ വേദികളിലെ മത്സരങ്ങൾ സ്ക്രീനുകളിൽ കാണാം.

ഐ.ടി ക്ലബായ ലിറ്റിൽ കൈറ്റ്സിലെ വാർത്താസംപ്രേഷണ പരിശീലനം നേടിയ വിദ്യാർഥികളാണ് സ്ക്രീനുകളിൽ ദൃശ്യവിരുന്നൊരുക്കുന്നത്. വിഡിയോ എഡിറ്റിങ്ങും ശബ്ദസമന്വയവും കുറ്റമറ്റതാക്കി നടത്തുന്ന സംപ്രേഷണം നൂറുകണക്കിന് പ്രേക്ഷകർക്ക് സഹായകമായി. ലിറ്റിൽ കൈറ്റ്സിന്റെ ചുമതലയുള്ള ഐ.ടി അധ്യാപിക സന്താന വല്ലിയുടെ നേതൃത്വത്തിൽ ഇ.കെ.പി. ഫാത്തിമ ഫിസ, അഫ്രീന ബാബുഖാൻ, മുഹമ്മദ് സാബിത്, മുഹമ്മദ് ആദിൽ, ജാഫർ അബ്ദുന്നാസർ, ഫഹദ് ലിയാഖത്ത് എന്നീ വിദ്യാർഥികളാണ് സംപ്രേഷണരംഗത്ത് പ്രവർത്തിക്കുന്നത്.

സ്വാഗതം സ്വാഗതം സ്വാഗതം
വരവായിതാ കലോൽത്സവം
മാട്ടൂലിൽ ഇത് മഹോത്സവം
മലരുകളെ സർഗ പ്രതിഭകളെ
പൊൻ താരകളെ സ്വാഗതം
സ്വാഗതം സ്വാഗതം

തിരമാലകളുടെ താളലയം
പുഴ പാടും പുതു ഗാനമയം
സഞ്ചാരികയുടെ പെരുമ
നിറഞ്ഞൊരു മാട്ടൂലിൽ
തിരുമുറ്റത്ത്
ചിലങ്ക കെട്ടി നിർത്തമാടാൻ
ചിത്ര ശലഭ കുരുന്നുകളെ
സ്വാഗതം സ്വാഗതം

അറിവിൻ പൂമരമേ ചൊരിയുക
വസന്ത കുസുമങ്ങൾ കലയുടെ വിടർന്ന കുസുമങ്ങൾ
ആകാശ ദീപമേ തെളിയുക
നിറഞ്ഞ വർണങ്ങൾ
കലയുടെ യവനികയുയരുകയായി
വിണ്ണിൽ സ്വരങ്ങൾ,
രാഗം താനം പല്ലവികൾ
ശ്രുതി ചേർക്കാനണഞ്ഞ
കിന്നരിമാർ
മലരുകളെ സ്വർഗ പ്രാർതിഭകളെ
പൊൻതാരകങ്ങളെ സ്വാഗതം സ്വാഗതം
ഒപ്പനയുടെ കളിമൊഞ്ചത്തി
അത്തർ പൂശിയ ഖൽബിനകത്തായി
പത്തരമാറ്റിൻ പോണല്ലോ
തട്ടം മറച്ചു നിൽക്കാതെ
തരുനിയമനികളെ
സ്വാഗതം... സ്വാഗതം....
ഇബിനുബത്തൂത്ത നൽകിയ നാമം
ഇതിഹാസങ്ങളിലുണർന്ന ഗ്രാമം
ചിമ്മാനക്കളിയിവിടുണ്ട്
മാരി തെയ്യം വരവുണ്ട്
ദേവാംഗനകൾ ആടയണിഞ്ഞിട്ടാടും
ദേവക്കുത്തുണ്ട്

ഹിന്ദു മുസ്ലിം ക്രിസ്ത്യൻ നാം
ഒത്തുവസിക്കും നാടല്ലോയിത്
മഹോത്സവം നാടിന് മഹോത്സവം
വരവായ് ഇതാ കലോത്സവം
മാട്ടൂലിന്റെ മഹോത്സവം

# Story of 4 FRIENDS

In a fade cool day, the college opens. A girl named Parvathy enter into the college. She was joiningin BSC Science. At the same time there goes Another three girls from different schools. They were also joining in same Batch, BSC Science.


They were sitting in different seats. In physics period, the teacher introduces the childrens each other. When Parvathy entered to the class she saw Lakshmi first. They meet each other and became friends. Meenakshi and Shivani is coming from same place. The physics teacher started to take the class. At that time A Memo came “There may be freshers day by seniors.” They all were very excited. Meenakshi is a good singer. In freshers day anchor called Meenakshi to sing. She sang a melodious song. All of them congratulated meenakshi. That day passed.

Parvathy and Lakshmi became very thick friends. All the other Batches made jealous on them. Meenakshi and Shivani likes their friendship. They came to Parvathy and Lakshmi to Introduce themself. Parvathy and Lakshmi has an interest in both of them. So they became friends. They shared secrets. They have planned to settle after degree Parvathy wants to become a doctor. Lakshmi wants to become an IAS officer. Meenakshi and Shivani don’t have any prepared plan. Parvathy and Lakshmi didn’t started preparations they have only just plan.

At the End of 3rd year, they realized that they must study. So they worked hard and entered in toppers list. At the same time Meenakshi’s Marriage was fixed. And searching a groom for Shivani. Lakshmi and Parvathy turns to write Entrance exam. There also they get selection Lakshmi goes to Delhi to write Preliminary exam and Parvathy goes to Bangalore for MBBS class.

After two years, It is the time to write mains exam for Lakshmi. At that time here in Bangalore Parvahy started house agency. After a months Lakshmi’s result of mains exam comes. She had won. She comes a big party for her. Her 3 friends participated in that party. 3 years from there Lakshmi is the collector of her District. Parvathy’s class ended and she became a famous doctor in Bangalore.

SAHALA ASHRAF TV



നന്ദി
2019-21 LITTLE KITES CLUB
ന്റെ  കെടാവിളക്ക്  എന്ന ഡിജിറ്റൽ
മാഗസിൻ നിർമ്മാണവുമായി
സഹകരിച്ച സ്കൂളിലെ എല്ലാ
അദ്ധ്യാപകർക്കും കുട്ടികൾക്കും
നന്ദി രേഖപ്പെടുത്തുന്നു